**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 185 — 04.10.2016 -ൽ മറുപടിക്ക്

## വിനോദസഞ്ചാര മേഖലയിലെ മാലിന്യ സംസ്കരണ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ഡോ. എൻ. ജയരാജ്<br>ശ്രീ. റോഷി അഗസ്റ്റിൻ<br>ശ്രീ. മോൻസ് ജോസഫ്<br>ശ്രീ. സി.എഫ്. തോമസ് | ശ്രീ. എ.സി.മൊയ്തീൻ<br>(സഹകരണവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്തെ വിനോദസഞ്ചാര മേഖലയുടെ നിലനിൽപ്പിന് ആധുനിക രീതിയിലുള്ള മാലിന്യ സംസ്കരണ പദ്ധതികളുടെ അഭാവം വലിയ വെല്ലുവിളി ഉയർത്തുന്നു എന്ന കാര്യം ഗൗരവമായി എടുത്തിട്ടുണ്ടോ; ഇതിനു പരിഹാരമായി എന്തെല്ലാം കർമ്മ പരിപാടികളാണ് വിഭാവനം ചെയ്തിട്ടുള്ളത്; | എ) ഉണ്ട്. സംസ്ഥാനത്ത് ടൂറിസം ഡെസ്റ്റിനേഷനുകളിലെ മാലിന്യ നിയന്ത്രണം സംബന്ധിച്ചും ഇതിന്റെ സംസ്കരണത്തിനുമായി ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ഇതര ഏജൻസികൾ എന്നിവരുമായി ചേർന്ന് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. പ്ലാസ്റ്റിക് മാലിന്യങ്ങളുടെ നിയന്ത്രണം, ബോധവത്ക്കരണ പ്രവർത്തനങ്ങൾ,പരിസ്ഥിതി സൗഹാർദ്ദ മാലിന്യ സംസ്കരണ പ്ലാന്റുകളുടെ നിർമ്മാണം എന്നിവയും ഇതിന്റെ ഭാഗമായി ഏർപ്പെടുത്തി വരുന്നു. വിനോദ സഞ്ചാര മേഖലയുടെ സമഗ്ര വികസനം ലക്ഷ്യമാക്കിയുള്ള ഗ്രീൻ കാർപ്പറ്റ് പദ്ധതിയുടെ പ്രധാന കർമ്മ പദ്ധതികളിൽ ഒന്ന് മാലിന്യ നിയന്ത്രണവും സംസ്കരണവുമാണ്. കുടുംബശ്രീ, ജില്ലാ ടൂറിസം പ്രൊമോഷൻ |

കൗൺസിൽ എന്നിവരുമായി ചേർന്ന് ക്ലീൻ ഡെസ്റ്റിനേഷൻ പദ്ധതിയും നടപ്പിലാക്കി വരുന്നു.

ബി) വിനോദസഞ്ചാര മേഖലകളിലെ മാലിന്യ സംസ്കരണം നിലവിൽ എപ്രകാരമാണ് നടപ്പാക്കി വരുന്നത്, ഏതെല്ലാം ഏജൻസികൾ ഇതുമായി സഹകരിക്കുന്നുണ്ട്, ആർക്കാണ് ഇതിന്റെ മേൽനോട്ടം എന്നിവ വ്യക്തമാക്കുമോ;

ബി) വിനോദസഞ്ചാര മേഖലകളിലെ മാലിന്യങ്ങളുടെ നിയന്ത്രണത്തിനും സംസ്കരണത്തിനുമായി കുടുംബശ്രീ, ശുചിത്വ മിഷൻ, ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകൾ, തദ്ദേശ സ്വയംഭരണ വകുപ്പ്, എൻ.ജി.ഒ. കൾ, മറ്റ് സന്നദ്ധ സംഘടനകൾ എന്നിവയുമായി ചേർന്ന് പദ്ധതികൾ നടപ്പിലാക്കി വരുന്നു. ഈ കേന്ദ്രങ്ങളിലെ ശുചിത്വം ഉറപ്പ് വരുത്തുന്നതിന് ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകൾ മുഖാന്തിരം കുടുംബശ്രീയുമായി സഹകരിച്ച് ക്ലീൻ ഡെസ്റ്റിനേഷൻ കാമ്പയിൻ എന്ന പദ്ധതി പ്രകാരമാണ് പ്രധാനമായും മാലിന്യ നീക്കം നടത്തി വരുന്നത്. കായലോര ജലാശയങ്ങളിലെ ഹൗസ് ബോട്ടുകളിൽ നിന്നുള്ള മാലിന്യങ്ങൾ നിയന്ത്രിക്കുന്ന തിനായി സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ സ്ഥാപിച്ച് വരുന്നു. വിവിധ കേന്ദ്രങ്ങളിൽ ശാസ്ത്രീയമായി മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് ഇൻസിനറേറ്ററുകൾ, ബയോഗ്യാസ് പ്ലാന്റുകൾ എന്നിവ സ്ഥാപിച്ചിട്ടുണ്ട്.

സി) ഹൗസ് ബോട്ടുകളിൽ നിന്ന് പുറന്തള്ളപ്പെടുന്ന മനുഷ്യ വിസർജ്ജ്യങ്ങൾ ജലാശയങ്ങളെ മലിനമാക്കുന്നു എന്ന വസ്തുത

സി) ഉണ്ട്. നടപടി സ്വീകരിച്ച് വരുന്നു. ഹൗസ് ബോട്ടുകളിൽ നിന്ന് പുറന്തള്ളപ്പെടുന്ന മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് സീവേജ്

| | |
|---|---|
| ഗൗരവമായി എടുത്തിട്ടുണ്ടോ; പ്രസ്തുത പ്രശ്നം ഫലപ്രദമായി പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; | ട്രീറ്റ്മെന്റ് പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ട്. ഹൗസ് ബോട്ടുകളിൽ ബയോടോയ് ലറ്റ് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ കൈക്കൊണ്ടു വരികയാണ്. |
| ഡി) വിനോദസഞ്ചാര വികസനത്തിന് പശ്ചാത്തല സംവിധാനം ഒരുക്കുമ്പോൾ ഫലപ്രദമായ മാലിന്യ സംസ്കരണത്തിന് മുൻതൂക്കം കൊടുക്കാനും ഇതിലേക്കാവശ്യമായ ബജറ്റ് വിഹിതം നീക്കിവയ്ക്കാനും നടപടി സ്വീകരിക്കുമോ ? | ഡി) സ്വീകരിച്ചു വരുന്നുണ്ട്. വിനോദസഞ്ചാര മേഖലയുടെ വികസനത്തിനുള്ള പദ്ധതികളിൽ മാലിന്യ സംസ്കരണത്തിനും പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള മാലിന്യങ്ങളുടെ നിയന്ത്രണത്തിനും പ്രാധാന്യം കൊടുത്തു കൊണ്ടാണ് നടപ്പിലാക്കി വരുന്നത്. വിനോദസഞ്ചാര വികസന ലക്ഷ്യത്തിലേയ്ക്കും, മാലിന്യ നിർമ്മാർജ്ജനത്തിനുമായി 2016-17 ബജറ്റ് വിഹിതത്തിൽ 4 കോടി രൂപ നീക്കി വച്ചിട്ടുണ്ട്. ഇതിൽ 3,89,25,000/- രൂപ ക്ലീൻ ഡെസ്റ്റിനേഷൻ കാമ്പയിൻ എന്ന പദ്ധതിയ്ക്ക് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. കൂടാതെ NGO മുഖാന്തിരം കോവളം മേഖലയിൽ നടപ്പിലാക്കി വരുന്ന മാലിന്യ നിർമ്മാർജ്ജന പദ്ധതിക്ക് 40,53,000/- രൂപയും ഈ സാമ്പത്തികവർഷം അനുവദിച്ചുകൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.